## പാഠം - 5

# സ്വർഗ്ഗീയ കൂടാരത്തിലെ ക്രിസ്തു

**ശബ്ബത്ത് സായാഹ്നം** **ഏപ്രിൽ 28**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** റോമ. 8:3, യോഹ. 1:29, വെളി. 5:12, എബ്രാ.7:1-28, 9:11-15, ലേവ്യ. 16:13, എബ്രാ. 9:20-23.

**മനഃപാഠവാക്യം: "അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും" (ഫിലി. 2:9,10).**

സ്വർഗ്ഗീയ സമാഗമനകൂടാരത്തിലെ യേശുവിനെക്കുറിച്ചു, എബ്രായരുടെ പുസ്തകം പറയുന്നു: "അവിടേക്കു യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പേ നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു" (എബ്രാ. 6:20).

സുവിശേഷത്തിൽ, വിശിഷ്യ പുതിയനിയമത്തിൽ, സ്വർഗ്ഗീയ സമാഗമനകൂടാരത്തിലെ ക്രിസ്തുവിന്റെ മഹാപുരോഹിത വേഷത്തെക്കുറിച്ച് വളരെ വ്യക്തമാണ്. ഭൂമിയിൽ നമുക്കായുള്ള പാപ പരിഹാരബലി പൂർത്തിയാക്കിയ ശേഷം യേശു ഏറ്റെടുത്ത വേഷം. (എബ്രാ.10:12).

ഈയാഴ്ച യേശുവിന്റെ സ്വർഗ്ഗീയ സമാഗമനകൂടാര ശുശ്രൂഷയെക്കുറിച്ചു പഠിക്കാം. ജനത്തെ അന്ത്യകാലത്തിനായി ഒരുക്കുന്ന വേലയിൽ ആ മദ്ധ്യസ്ഥത വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. അതുകൊണ്ടു ഈ നിർണ്ണായക താക്കീതു നൽകുകയാണ്: "സമാഗമനകൂടാരവും അന്വേഷണാത്മക വിധിപ്രസ്താവനയും എന്ന വിഷയം ദൈവജനം വളരെ വ്യക്തമായി മനസ്സിലാക്കണം. എല്ലാവർക്കും മഹാപുരോഹിതന്റെ സ്ഥാനത്തെക്കുറിച്ചും ചെയ്യുന്ന വേലയെക്കുറിച്ചും അറിവുണ്ടായിരിക്കണം. അല്ലെങ്കിൽ, ഈ കാലഘട്ടത്തിൽ ആവശ്യമായ വിശ്വാസം അഭ്യസിക്കുന്നതിനോ ദൈവം തങ്ങൾക്കായി വിഭാവനം ചെയ്യുന്ന സ്ഥാനം അവകാശമാക്കുന്നതിനോ സാദ്ധ്യമാകാതെ പോകും." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 488.*

എന്താണ് സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ ക്രിസ്തു നമുക്കുവേണ്ടി ചെയ്യുന്നത്? ഈ അന്ത്യകാലത്ത് അത് മനസ്സിലാക്കുന്നതിന്റെ പ്രാധാന്യമേറുന്നത് എന്തുകൊണ്ടാണ്?

☞ *ഈയാഴ്ചയിലെ പാഠം പഠിച്ച് മെയ് 5-ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **ഏപ്രിൽ 29**

## ആത്യന്തികമായ ത്യാഗം

യേശുവിന്റെ ആത്യന്തികമായ ത്യാഗത്തെക്കുറിച്ച് പഠിക്കുന്നത് അന്ത്യകാല ഒരുക്കത്തിന് വിശ്വാസികളെ ഏറെ സഹായിക്കും. സാധാരണ മനുഷ്യർ മുന്നിലുള്ള ലക്ഷ്യത്തിലേക്ക് നോക്കും, അത് യുക്തവുമാണു താനും. എന്നാൽ ലക്ഷ്യം അവർക്കു പിന്നിലാണെന്ന് ചിന്തിക്കുന്നതും ഉചിതമായിരിക്കും. നമ്മൾ സംസാരിക്കുന്നത് കാൽവരിയെക്കുറിച്ചാണ്. യേശു നമുക്കുവേണ്ടി പൂർത്തീകരിച്ച ലക്ഷ്യം, പിൻവലിക്കാനാവാത്തതും അന്തിമവും മുന്നിലുള്ള ലക്ഷ്യത്തെ ഉറപ്പിക്കുന്നതുമാണ്.

**റോമർ 8:3, 1 തിമൊ. 1:17, 6:16, 1 കൊരി. 15:53 വായിക്കുക. എന്തുകൊണ്ട് ദൈവം പുത്രനെ ഭൂമിയിലേക്കയച്ചു?**

പാപത്തെ ജഡത്തിൽ തന്നെ വിധിക്കുവാൻ, ദൈവം ക്രിസ്തുവിനെ പാപപരിഹാര ബലിയാകുവാനയച്ചു. എന്താണ് ഇതിനർത്ഥം? അനശ്വര അസ്തിത്വവുമായി ക്രിസ്തുവിനു മരിക്കാനാവില്ല. അതുകൊണ്ട് കർത്താവ് മനുഷ്യനായി, നമുക്കു പകരമായി മരിക്കാൻ, മൃതത്വം ഏറ്റെടുത്തു.

പരിശുദ്ധനായിട്ടും ദൈവരൂപത്തിലിരിക്കെ യേശു, “ദാസരൂപമെടുത്തു”. തന്നത്താൻ താഴ്ത്തി “ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു” (ഫിലി.2:6-8). ദൈവത്തിനു മാത്രം അറിയാവുന്ന വിധത്തിൽ, യേശു ക്രൂശിൽ മരിച്ചപ്പോൾ ക്രിസ്തുവിന്റെ പരിശുദ്ധി മരിച്ചില്ല. മാനുഷ ബുദ്ധിക്കതീതമായ വിധത്തിൽ, യേശുവിന്റെ പരിശുദ്ധി, ഒൻപതു മാസം ഗർഭത്തിലായിരുന്നപ്പോഴും കല്ലറയിലായിരുന്ന ദിവസങ്ങളിലും നിശ്ശബ്ദമായിരുന്നു. മനുഷ്യാവസ്ഥയിലുള്ള ജീവിതത്തെയും ശുശ്രൂഷയെയും സഹായിപ്പാൻ അത് ഉപയോഗപ്പെടുത്തിയതേയില്ല.

**ലൂക്കോ. 9:22 വായിക്കുക. ക്രിസ്തുവിന്റെ മരണലക്ഷ്യത്തെക്കുറിച്ച് ഈ വാക്യമെന്തു പറയുന്നു?**

ക്രിസ്തു ജനിച്ചത് മരിക്കാനാണ്. ക്രിസ്തു നേരിടേണ്ടിയിരുന്ന, പരിഹാസം, ചമ്മട്ടിയടി, മർദ്ദനങ്ങൾ, ഹൃദയഭേദകമായ ക്രൂശുമരണം എന്നിവയിൽ നിന്ന് സ്വതന്ത്രനായേക്കും എന്ന ചിന്ത നിത്യതയിൽ ഒരിക്കൽ പോലും ഉണ്ടായിക്കാണില്ല. ഇത് അതുല്യ സ്നേഹമാണ്. മുമ്പ് കണ്ടിട്ടില്ല, പൂർണ്ണമായി മനസ്സിലാക്കിയിട്ടുമില്ല.

**ഈ സ്നേഹത്തിനു മുന്നിൽ മുട്ടുമടക്കി, വിശ്വാസത്തിലും അനുസരണത്തിലും ആരാധിപ്പാനല്ലാതെ മനുഷ്യർക്ക് എന്ത് ചെയ്യാനാകും? സ്വമേന്മയുടെ വ്യർത്ഥതയെക്കുറിച്ച് കുരിശിന്റെ യാഥാർത്ഥ്യം എന്ത് പറഞ്ഞു തരുന്നു?**

**തിങ്കൾ** **ഏപ്രിൽ 30**

## ദൈവത്തിന്റെ കുഞ്ഞാട്

**യോഹന്നാൻ 1:29, വെളിപ്പാട് 5:12, 13:8 വായിക്കുക. ഈ വാക്യങ്ങളിൽ പൊതുവായുള്ളതെന്ത്? രക്ഷാകരപദ്ധതി മനസ്സിലാക്കാൻ ഉതകുന്ന എന്ത് പ്രാധാന്യമാണ് ആ വിവരണത്തിനുള്ളത്?**

യോഹന്നാൻ സ്നാപകൻ യേശുവിനെ "ദൈവത്തിന്റെ കുഞ്ഞാട്" എന്നു വിളിച്ചപ്പോൾ, അപ്രമാദിത്വത്തോടെ സമാഗമനകൂടാരത്തെ സൂചിപ്പിക്കുകയായിരുന്നു. പാപപരിഹാരത്തിനായുള്ള ക്രിസ്തുവിന്റെ മരണത്തെ, പാപ പരിഹാരത്തിനായി എക്കാലവും അറുക്കപ്പെട്ട സകല ബലിമൃഗങ്ങളിലും വച്ച് സഫലമെന്ന് കൂടുതൽ വ്യക്തതയോടെ കാണിച്ചു തരികയായിരുന്നു (ഭൗമ സമാഗമനകൂടാര ശുശ്രൂഷയിലെ എല്ലാ ബലിമൃഗങ്ങളെയും അപേക്ഷിച്ച്). ചുരുക്കിപ്പറഞ്ഞാൽ, നാലു സുവിശേഷങ്ങളും എന്തൊക്കെ പഠിപ്പിച്ചാലും ആത്യന്തികമായി ലോകത്തിന്റെ പാപങ്ങൾ എടുത്തു മാറ്റുന്ന ദൈവകുഞ്ഞാടെന്ന യേശുക്രിസ്തുവിനെക്കുറിച്ചാണ് പറഞ്ഞു തരുന്നത്.

യേശുവിന്റെ കഥയും നമ്മുടെ രക്ഷയ്ക്കുള്ള പ്രവൃത്തിയും സുവിശേഷങ്ങളിലോ, മരണത്തിലോ ഉത്ഥാനത്തിലോ പോലും അവസാനിക്കുന്നില്ല.

കുഞ്ഞാടായി അറുക്കപ്പെടുന്ന ശുശ്രൂഷയ്ക്കു ശേഷം, സ്വർഗ്ഗീയ സമാഗമനകൂടാരത്തിലെ ക്രിസ്തുവിന്റെ മഹാപുരോഹിത വേഷത്തെക്കുറിച്ച് എബ്രായർക്കുള്ള ലേഖനത്തിൽ തുടക്കം മുതൽ പരാമർശങ്ങളുണ്ട്. ക്രൂശിനു ശേഷമുള്ള ഈ വേഷത്തെക്കുറിച്ച് ആദ്യ പരാമർശത്തെ (എബ്രാ.1:3) തുടർന്നുള്ള അദ്ധ്യായങ്ങളിൽ യേശുവിനെ മഹാപുരോഹിതനായി സൂചിപ്പിക്കുന്നു. സ്വർഗ്ഗീയ സമാഗമനകൂടാര ശുശ്രൂഷയെക്കുറിച്ച് പൂർണ്ണമായി വിവരിക്കുന്നത് എബ്രായർ 7:1–28 വരെയാണ്.

**എബ്രായർ 7:1–28 വായിക്കുക. ഇവിടെ എന്താണ് രചയിതാവ് യേശുവിനെക്കുറിച്ചു പറയുന്നത്?**

ഈ വാക്യങ്ങൾ ആഴമേറിയവയും സമ്പന്നവുമാണെങ്കിലും, ഭൗമ സമാഗമന കൂടാരത്തിലെ അഹരോന്റെ നിരയിലുള്ള പുരോഹിതന്മാരെക്കാൾ ശ്രേഷ്ഠമായ ഒരു പൗരോഹിത്യമാണ് യേശുക്രിസ്തുവിന്റേത് എന്ന് ഇവ പറയുന്നു. എന്നാൽ ഇന്ന്, ഭൗമ സമാഗമന കൂടാരത്തിലെ പൗരോഹിത്യത്തിനു പകരം, സ്വർഗ്ഗീയ സമാഗമനകൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്ന മഹാപുരോഹിതനാണ് നമുക്കുള്ളത്. ആകയാൽ, നോട്ടം യേശുവിൽ കേന്ദ്രീകരിക്കുകയെന്നാൽ, സ്വർഗ്ഗീയ സമാഗമനകൂടാരത്തിലെ മഹാപുരോഹിതനായ ക്രിസ്തുവിൽ കേന്ദ്രീകരിക്കുക എന്നാണ്.

**ചൊവ്വ** **മെയ് 1**

## നമ്മുടെ മഹാപുരോഹിതൻ

**എബ്രായർ 7:24-27, 8:6 വായിക്കുക. എത്ര വലിയ പ്രത്യാശയാണ് ഈ വാക്യങ്ങളിൽ ലഭിക്കുന്നത്?**

മറ്റു പുരോഹിതന്മാർക്ക് ഒരിക്കലും ഇല്ലാതിരുന്ന യോഗ്യതകളാൽ ക്രിസ്തുവിനു പൂർണ്ണമായ രക്ഷ നൽകാനാകുന്നു. പാപങ്ങൾ മോചിക്കാൻ അധികാരമുള്ള ദൈവമാണ് ക്രിസ്തു. ഈ ക്രിസ്തു, വർഷം മുഴുവൻ, രോഗികളെ സൗഖ്യമാക്കുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്ത അതേ സ്നേഹത്തോടെ തന്റെ ജനത്തിനു വേണ്ടി മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടിരിക്കുന്നു. അവനും മനുഷ്യനാണ്, പക്ഷേ, പാപരഹിതനായി ജനിച്ചു, അപ്രകാരം തന്നെ തുടർന്നു. പാപമില്ലാത്തവനായിരിക്കെ തന്നെ, മനുഷ്യകുലത്തിന്റെയാകമാനം പാപത്തിന്റെ വിറപ്പിക്കുന്ന ഭാരത്തിനു കീഴിൽ മരിച്ചു. അങ്ങനെ മാത്രമേ, ദൈവ-മനുഷ്യനായി, പാപികൾക്കുവേണ്ടി സ്വർഗ്ഗീയ സമാഗമനകൂടാരത്തിൽ മാദ്ധ്യസ്ഥം വഹിക്കാനാവുകയുള്ളൂ.

ക്രിസ്തുവിന്റെ ബലി, ഏവർക്കുമായി ഒരിക്കൽ മാത്രമുള്ളതായിരുന്നു എന്നുകൂടി ഈ വാക്യങ്ങൾ കാണിക്കുന്നു. അത് ഒരിക്കൽ മാത്രം സംഭവിച്ചാൽ മതിയായിരുന്നു. സകല മനുഷ്യർക്കും രക്ഷ നേടിത്തരുവാൻ അതിനാകുമായിരുന്നു.

അല്ലെങ്കിലും, കുരിശിൽ മരിച്ചത് ആരെന്നത് പരിഗണിച്ചാൽ, എല്ലാ മനുഷ്യർക്കുമായി അത്തരമൊരു യാഗം എങ്ങനെ മതിയാകാതെ വരും?

**എബ്രായർ 9:11-15 വായിക്കുക. ക്രിസ്തുവിന്റെ മരണത്തിലൂടെയും ഇപ്പോഴത്തെ സമാഗമന കൂടാരശുശ്രൂഷയിലൂടെയും നമുക്കായി എന്തു നേടിത്തന്നു?**

എബ്രായർ 9:12 പറയുന്നു, ക്രിസ്തു നമുക്കായി "എന്നേക്കുമുള്ള വീണ്ടെടുപ്പ്" നേടിത്തന്നു. ഗ്രീക്കു പദം "വീണ്ടെടുപ്പ്" തർജ്ജമ ചെയ്യുമ്പോൾ, "മറുവില'', "സ്വതന്ത്രമാക്കൽ'', "വിടുതൽ'' എന്നു കൂടി അർത്ഥമാക്കുന്നുണ്ട്. "അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും" എന്ന് ലൂക്കോസ് 1:68 ൽ സെഖര്യാവ് ഉപയോഗിച്ചിരിക്കുന്ന അതേ വാക്കാണിത്. യേശുവിന്റെ രക്തത്തെക്കുറിച്ചുള്ള സൂചന - പാപ പരിഹാര യാഗത്തിനു മതിയായ ഏക രക്തം - അർത്ഥമാക്കുന്നത്, ബലിമൃഗമായ ക്രിസ്തുവാണ് വീണ്ടെടുപ്പും വിടുതലും നേടിത്തന്നതെന്നാണ്. സുവിശേഷത്തിന്റെ മഹത്തായ വാർത്തയെന്തെന്നാൽ, ക്രിസ്തു ഇത് തനിക്കായി നേടിയതല്ല, മറിച്ച് നമുക്കായി നേടിയതാണ്. എനിക്കായാണ് ക്രിസ്തു യാഗമായതെന്ന് അംഗീകരിക്കുന്നവർക്കെല്ലാം അത് പ്രയോജനകരമാവും.

**ക്രിസ്തു നമുക്കായി "എന്നേക്കുമുള്ള വീണ്ടെടുപ്പ്" "നേടിത്തന്നു" എന്നും ഇതു പൂർത്തീകരിച്ച ശേഷമാണ് സ്വർഗ്ഗീയ സമാഗമനകൂടാര ശുശ്രൂഷ തുടങ്ങിയത് എന്നതിനെക്കുറിച്ചും ചിന്തിക്കുക. ക്രിസ്തു അവിടെ ചെയ്യുന്ന ശുശ്രൂഷ നമുക്ക് എന്ത് പ്രത്യാശ തരുന്നു?**

**ബുധൻ** **മെയ് 2**

**നമ്മുടെ മദ്ധ്യസ്ഥൻ**

ദൈവവും മനുഷ്യനും തമ്മിൽ പാപം ഭയാനകമായ അകൽച്ച കൊണ്ടു വന്നു. എങ്കിലും ക്രിസ്തുവിന്റെ പാപ പരിഹാര ബലിയിലൂടെ നമ്മെ വീണ്ടെടുത്ത്, ദൈവവുമായി ബന്ധിപ്പിച്ചു. കാണുക എഫേ. 2:18, 1 പത്രോ.3:18.

**"ആ പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരം തന്നെ; അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്തേക്കു കടക്കുന്നതുമാകുന്നു. അവിടേക്കു യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുന്നേ നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു." (എബ്രായർ 6:19, 20). ഈ വാക്യപ്രകാരം യേശു നമുക്കായി എന്തു ചെയ്തു?**

**എബ്രായർ 9:24 വായിക്കുക. ക്രിസ്തുവിന്റെ വേലയിൽ എന്തുകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഈ വാക്യം പറയുന്നത്?**

നമ്മുടെ പ്രതിനിധിയായി സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ പ്രവേശിച്ച് ദൈവസാന്നിദ്ധ്യത്തിലായ യേശുക്രിസ്തു മുൻഗാമിയാണ്. അതായത്, യേശു നമുക്കു "നേടിത്തന്ന" ക്രൂശുമരണത്തിന്റെയും, "എന്നേക്കുമുള്ള വീണ്ടെടുപ്പിന്റെയും" അർഹതയെക്കുറിച്ച് പിതാവിനു മുന്നിൽ നിന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്.

യേശുവിനെ സ്വീകരിച്ചപ്പോൾ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. ദൈവത്തിനു മുന്നിൽ വിശുദ്ധിയുള്ളവരും ഇളവുകിട്ടിയരുമായി. സത്യമെന്തെന്നാൽ, ക്രിസ്ത്യാനികളായ ശേഷവും, ജയവാഗ്ദത്തങ്ങളുണ്ടായിട്ടും പലപ്പോഴും നമ്മൾ പാപം ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ യേശു മഹാപുരോഹിതനായി മാദ്ധ്യസ്ഥം പറയുന്നു. മാനസാന്തരപ്പെടുന്ന പാപിയെ പ്രതിനിധീകരിച്ച്, നമ്മുടെ യോഗ്യതയല്ല (അതിനു നമുക്ക് യോഗ്യതയൊന്നുമില്ല) മറിച്ച്, നമുക്കായി ചെയ്തതിന്റെ യോഗ്യതയെ പ്രതി യേശു പിതാവിനു മുന്നിൽ പ്രതിവാദിക്കുന്നു. "അതുകൊണ്ട് ഞാൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു" (എബ്രാ. 7:25).

**ക്രിസ്തുവിന്റെ തുടർച്ചയായ ദയയും കരുണയും അവനും അവൾക്കും ആവശ്യമെന്ന് വീണ്ടും ജനിച്ച ഏതു ക്രിസ്ത്യാനിയാണ്**

**മനസ്സിലാക്കാത്തത്? അതായത്, ക്രിസ്തുവിൽ പുതുജീവിതം ഉണ്ടെങ്കിലും, നമ്മുടെ ജീവിതത്തിൽ മാറ്റമുണ്ടെങ്കിലും, അവനും അവൾക്കും തുടർച്ച യായ മാപ്പും ഇളവും ആവശ്യമാണെന്ന് ആരാണ് മനസ്സിലാക്കാത്തത്? അങ്ങനെയെങ്കിൽ, ക്രിസ്തു നമ്മുടെ മഹാപുരോഹിതനാണെന്ന അറിവ് എന്തുകൊണ്ട് അമൂല്യമാകുന്നു?**

**വ്യാഴം** **മെയ് 3**

### പാപപരിഹാര ദിനം

ഭൂമിയിലെ എബ്രായ സമാഗമന കൂടാര ശുശ്രൂഷ, ക്രിസ്തു മഹാപുരോഹിതനായി പ്രവേശിച്ച സ്വർഗ്ഗീയ സമാഗമന കൂടാരത്തിന്റെ മാതൃകയായിരുന്നുവെന്ന് എബ്രായർക്കുള്ള ലേഖനം പഠിപ്പിക്കുന്നു. രണ്ട് അറകളിലായുള്ള ഭൗമ സമാഗമനകൂടാര ശുശ്രൂഷയും അതിലെ ബലിയർപ്പണ, ശുദ്ധീകരണ ചടങ്ങുകളും "മോശയോട് പർവ്വതത്തിൽ കാണിച്ച മാതൃക പ്രകാരം" അത് "സ്വർഗ്ഗീയ ദൃഷ്ടാന്തവും നിഴലുമായത്" ആയിരുന്നു. (എബ്രാ. 8:5).

ഭൗമ സമാഗമനകൂടാര ചടങ്ങുകളിൽ രണ്ട് അറകളിൽ ശുശ്രൂഷ ഉണ്ടായിരുന്നതുപോലെ, ക്രിസ്തുവിന്റെ സ്വർഗ്ഗീയ സമാഗമന കൂടാര ശുശ്രൂഷയിലും വിശുദ്ധ അതിവിശുദ്ധ സ്ഥലങ്ങളുണ്ട്. ലേവ്യപുസ്തകം 16-ൽ ഭൂമിയിലെ കൂടാരത്തിൽ സമാഗമനകൂടാരത്തിന്റെ ശുദ്ധീകരണത്തിൽ കലാശിച്ചിരുന്ന പാപപരിഹാരദിനത്തെയാണ് ന്യായവിധിയുടെ സങ്കൽപമായി സൂചിപ്പിച്ചിരുന്നത്. വർഷത്തിലൊരിക്കൽ ഈ സമയത്ത് മഹാപുരോഹിതൻ രണ്ടാം അറയായ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് ജനങ്ങൾക്കുവേണ്ടിയുള്ള പാപപരിഹാരവും ശുദ്ധീകരണവും നടത്തിയിരുന്നു. (ലേവ്യ.16:12-14).

**എബ്രായർ 9:20-23 വായിക്കുക. പാപം കഴുകി കളഞ്ഞ് വിശുദ്ധീകരിക്കേണ്ടത് എന്താണ്? ക്രിസ്തു ചെയ്യുന്ന പാപപരിഹാരദിന ശുശ്രൂഷയെ എന്തുകൊണ്ട് ഇത് വ്യക്തമായി സൂചിപ്പിക്കുന്നു?**

സ്വർഗ്ഗീയ സമാഗമനകൂടാരം തുടച്ചു വെടിപ്പാക്കി "ശുദ്ധീകരിക്കണം" എന്നത് പണ്ഡിതന്മാരെ വിസ്മയിപ്പിച്ചിട്ടുണ്ട്. എന്നാൽ, പാപ പരിഹാര ദിനത്തെക്കുറിച്ചുള്ള സൂചന മനസ്സിലാക്കിയാൽ ആ പ്രശ്നം ഇല്ലാതാവും. യേശു സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ ചെയ്യുന്ന ജോലി, ഇസ്രയേല്യ സമാഗമന കൂടാരത്തിൽ വാർഷിക പാപപരിഹാര ദിവസം ഭൂമിയിലെ മഹാപുരോഹിതൻ ചെയ്തിരുന്നതിന്റെ സത്യസന്ധമായ ആവിഷ്കാരമാണ് എന്നാണ് എബ്രായർ 9:23 വെളിപ്പെടുത്തുന്നത്. ഭൂമിയിലെ പുരോഹിതൻ ഭൗമസമാഗമനകൂടാര ശുദ്ധീകരണത്തിനായി ചെയ്തിരുന്ന ശുശ്രൂഷ

സ്വർഗ്ഗീയമായതിൽ യേശു ഒരിക്കൽ ചെയ്യാനിരുന്നതിന്റെ മുൻനിഴലായിരുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞയുടൻ ഈ സ്വർഗ്ഗീയ ശുദ്ധീകരണം നടക്കുമെന്ന് വചനം പറയുന്നില്ല. ദാനീയേൽ പുസ്തകം പഠിക്കുമ്പോൾ, ശുശ്രൂഷയുടെ ഈ ഘട്ടം തുടങ്ങിയത് 1844-ൽ ആണെന്ന് മനസ്സിലാക്കാം. ക്രിസ്ത്യാനികൾ അന്ത്യകാലത്തോട് അടുത്തുകൊണ്ടിരിക്കുകയാൽ, നമ്മൾ ആയിരിക്കുന്ന സമയത്തിന്റെ ഗൗരവം മനസ്സിലാക്കണം. ഒപ്പം, ക്രിസ്തു നമുക്കുവേണ്ടി ചെയ്തതിന്റെയും ഇപ്പോൾ സ്വർഗ്ഗീയ സമാഗമനകൂടാരത്തിന്റെ അതിവിശുദ്ധ സ്ഥലത്ത് ചെയ്തുകൊണ്ടിരിക്കുന്നതിന്റെയും ഉറപ്പിൽ ആശ്രയിക്കുകയും വേണം.

**ഒന്നാം ദൂതൻ പ്രഖ്യാപിക്കുന്നു: "ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ, അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു" (വെളി. 14:7). ന്യായവിധിയുടെ യാഥാർത്ഥ്യം അന്ത്യനാളിന്റെ ആസന്നതയെ കാണിക്കുന്നു. ഇത് നമ്മൾ എപ്രകാരം ജീവിക്കുന്നു എന്നതിനെ ബാധിക്കുന്നു?**

**വെള്ളി** **മെയ് 4**

**കൂടുതൽ പഠനം:** ഭൂമിയിൽ ക്രിസ്തു നമുക്കായി ചെയ്ത രക്ഷാകരയാഗത്തിന്റെയും സ്വർഗ്ഗത്തിലെ മഹാപുരോഹിത വേഷത്തിന്റെയും മാതൃകയും മുദ്രയുമാണ് ഭൗമ സമാഗമന കൂടാരം, എന്ന് എബ്രായർക്കെഴുതിയ ലേഖനം വിവരിക്കുന്നു. ഇസ്രയേല്യ സമാഗമന കൂടാരം സദാ സുവിശേഷത്തിന്റെ പാഠ്യവിഷയമാണ്. യഹൂദന്മാരെ രക്ഷാപദ്ധതിയെക്കുറിച്ച് പഠിപ്പിക്കുവാനായിരുന്നു അത്. യാഗം, മദ്ധ്യസ്ഥത, ന്യായവിധി, പാപത്തിന്റെ അന്ത്യം തുടങ്ങിയവയെല്ലാം അതിൽ ഉൾപ്പെട്ടിരുന്നു. അതേസമയം, ദാനീയേൽ പുസ്തകം, സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ ക്രിസ്തുവിന്റെ അന്ത്യവേലകളെക്കുറിച്ചുള്ള വെളിപാടുകളുടെ (അന്ത്യകാലം) വ്യാപ്തിയെക്കുറിച്ച് വായനക്കാർക്ക് വെളിച്ചം നൽകുന്നു. "ശുദ്ധീകരണം, ന്യായവിധി, ദോഷമോചനം, തുടങ്ങിയവയെക്കുറിച്ച് ഊന്നൽ ഉള്ളതിനാൽ, ദാനീയേൽ പുസ്തകത്തിലെ വെളിപാടുകൾ, പാപപരിഹാരദിനം മുതൽ ലോകത്തിന്റെ അന്തിമദിനം വരെയുള്ള കാര്യങ്ങൾ ആവിഷ്കരിക്കുന്നു. സ്വർഗ്ഗീയ സമാഗമന കൂടാരത്തോടും രാജാവും പുരോഹിതനുമായ മശിഹായുടെ പ്രവൃത്തികളോടും ശുദ്ധീകരണം നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. ഈ ദർശനങ്ങൾ സമയ സൂചികയെ അവതരിപ്പിക്കുന്നു. രക്ഷാകര ചരിത്രവഴിയിൽ, ദൈവത്തിന്റെ സ്വർഗ്ഗീയ വസതിയിൽ, മശിഹാ തന്റെ അന്തിമ ശുദ്ധീകരണം, ന്യായവിധി, ദോഷമോചനം തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്ന നിശ്ചിത സമയങ്ങൾ ഏതൊക്കെയെന്ന് ഇതിലൂടെ വായനക്കാർക്ക്

തിരിച്ചറിയുവാൻ സാധിക്കുന്നു." – *"ഹാൻഡ്ബുക് ഓഫ് സെവൻത് ഡേ അഡ്വന്റിസ്റ്റ് തിയോളജി" (ഹാർജേഴ്സ് ടൗൺ, മെരിലാൻഡ്, അമേരിക്ക : റിവ്യൂ ആൻഡ് ഹെറാൾഡ് പബ്ലിഷിങ് അസോസിയേഷൻ, 2000), പേജ് 394.*

**ചർച്ച:**

1. **എലൻ ജി വൈറ്റിന്റെ ഈ ഉദ്ധരണി ശ്രദ്ധിക്കുക: "പുരാതനകാലം മുതലേ, ജനത്തിന്റെ പാപങ്ങൾ വിശ്വാസത്താൽ പാപപരിഹാര ബലിമൃഗത്തിനുമേൽ വയ്ക്കുകയും അതിന്റെ രക്തം ഭൗമ സമാഗമനകൂടാരത്തിൽ തളിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് പുതിയ ഉടമ്പടിയിൽ അനുതാപിയുടെ പാപങ്ങൾ വിശ്വാസത്താൽ ക്രിസ്തുവിനുമേൽ വച്ച് അത് സ്വർഗ്ഗീയ സമാഗമനകൂടാരത്തിലേക്ക് മാറ്റപ്പെടുന്നു. ഏതിനാൽ മലിനമാക്കപ്പെട്ടോ, ആ പാപങ്ങൾ കഴുകി കളയുന്നതിലൂടെയാണ് ഭൗമസമാഗമന കൂടാരം ശുദ്ധീകരിക്കപ്പെടുന്നത്. അതേപടി, സ്വർഗ്ഗീയ സമാഗമന കൂടാരവും ശുദ്ധമാക്കുന്നത് അതിൽ രേഖപ്പെടുത്തിയിട്ടുള്ള പാപങ്ങൾ നീക്കം ചെയ്യുന്നതിലൂടെയാണ്. എന്നാൽ ഇത് പൂർത്തീകരിക്കുന്നതിനു മുമ്പ്, പാപങ്ങൾ രേഖപ്പെടുത്തിയ പുസ്തകത്തിന്റെ പരിശോധന ഉണ്ടാകും. മാനസാന്തരത്താലും യേശുവിലുള്ള വിശ്വാസത്താലും തന്റെ പ്രായശ്ചിത്തത്തിന്റെ ഫലത്തിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള ഒരു പരിശോധന." – *ദി ഗ്രേറ്റ് കോൺട്രോവേഴ്സി, പേജ്, 421, 422.* "തന്റെ പ്രായശ്ചിത്തത്തിന്റെ ഫലം" അതിന് അർഹരായവരെ വെളിപ്പെടുത്തുന്ന രണ്ടു കാര്യങ്ങൾ ഏതൊക്കെയാണെന്നാണ് ഇ. ജി. വൈറ്റ് പറയുന്നത്? അവ ഏതൊക്കെയാണെന്ന് മനസ്സിലാക്കുന്നത് ദൈവജനത്തിന്, പ്രത്യേകിച്ച് ഈ അന്ത്യകാലത്ത്, എന്തുകൊണ്ട് പ്രാധാന്യമേറുന്നു?**
2. **ലേവ്യപുസ്തകം 16:15, 16 വായിക്കുക. രക്തത്തിന്റെ പ്രാധാന്യം എന്താണ്? രക്തം പ്രതിനിധീകരിച്ചത് എന്തിനെയാണ്? മഹാ പാപ പരിഹാരദിന ചടങ്ങുകളിലും, ഇന്നു നമുക്കും രക്തം അതിപ്രധാനമാകുന്നത് എന്തുകൊണ്ടാണ്?**

****